| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| ഒന്നാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 575 | 29-06-2011-ൽ മറുപടിയ്ക്ക് |
| **കിള്ളിയാറിൽ സംരക്ഷണ ഭിത്തിയും തടയണ നിർമ്മാണവും** | |
| ചോദ്യം<br>ശ്രീ.പാലോട് രവി | ഉത്തരം<br>ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ കരകുളം മുദി ശാസ്താം കോവിലിനു സമീപം കിള്ളിയാറിന്റെ ഇടത്-വലത് കരയിൽ സംരക്ഷണം നടത്തുന്നതിനും, തടയണ നിർമ്മിക്കുന്നതിനും കൂടാതെ നെടുമങ്ങാട് - കരകുളം റോഡിൽ മരപ്പാലം ജംഗ്ഷനിൽ നിന്നും കാച്ചാണി പോകുന്ന വഴിയിൽ കിള്ളി നദിയിൽ തടയണ നിർമ്മിക്കുന്നതിനും 18-11-2010-ൽ ജി.ഒ.(എം.എസ്) 460/10/ആർ.ഡി റവന്യൂ (പി) പ്രകാരം ഭരണാനുമതി നൽകിയ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത രണ്ട് പരിപാടികളും 100 ദിവസത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പണി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | നദീതീര വികസന പദ്ധതി (RMF) മുഖാന്തിരം ഏറ്റെടുത്തതായ. പ്രസ്തുത രണ്ട് പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചെങ്കിലും ഈ പദ്ധതികൾ നിർത്തിവയ്ക്കാൻ റവന്യൂ വകുപ്പിൽ നിന്നും നിർദ്ദേശം ലഭിക്കുകയുണ്ടായി. |
| (സി) | ഏത് ഫണ്ടിൽ നിന്നുമാണ് ഇതിന് തുക അനുവദിച്ചിരിക്കുന്നതെന്നും എത്ര വീതമാണെന്നും വിശദമാക്കുമോ? | (സി) | റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും 37.70 ലക്ഷം രൂപയാണ് രണ്ട് പദ്ധതികൾക്കുമായുള്ള അടങ്കൽ തുക |

സെക്ഷൻ ഓഫീസർ